ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വയനാട് ഉരുൾപ്പൊട്ടൽ ബാധിത മേഖലകൾ പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ സന്ദർശിക്കും; വയനാടിനായി സമഗ്ര പുനരധിവാസ പാക്കേജാണ് കേരളം ആവശ്യപ്പെടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Prime Minister Narendra Modi will visit Wayanad landslide affected areas on Saturday; Chief Minister Pinarayi Vijayan said that Kerala is demanding a comprehensive rehabilitation package for Wayanad.**

2. വയനാട്ടിൽ കാണാതായവരെ കണ്ടെത്താൻ നാളെ ജനകീയ തെരച്ചിൽ നടത്തും : താത്ക്കാലിക പുനരധിവാസത്തിനായി 91 സർക്കാർ ക്വാട്ടേഴ്സുകൾ ലഭ്യമാക്കും.

   **Mass search will be conducted tomorrow to find missing persons in Wayanad : 91 government quarters will be provided for temporary resettlement..**

3. പാരിസ് ഒളിംപിക്സ് ഹോക്കിയിൽ ഇന്ത്യയ്ക്ക് വെങ്കലത്തിളക്കം ; സ്പെയിനിനെ 2 - 1 നാണ് ഇന്ത്യ പരാജയപ്പെടുത്തിയത്; ജാവ്ലിൻ ത്രോ ഫൈനലിൽ സ്വർണ പ്രതീക്ഷയുമായി നീരജ് ചോപ്ര ഇന്നിറങ്ങും.

   **India wins bronze in Paris Olympics hockey; India beat Spain 2-1; Neeraj Chopra will enter the Javli Tro final today with gold hopes..**

4. വഖഫ് (ഭേദഗതി) ബിൽ- സൂക്ഷ്മപരിശോധനയ്ക്കായി സംയുക്ത പാർലമെന്ററി സമതിക്ക് വിടുന്നതായി കേന്ദ്രമന്ത്രി കിരൺ റിജിജു.

**Waqf (Amendment) Bill- Union Minister Kiren Rijiju said that it will be sent to the Joint Parliamentary Committee for scrutiny..**

5. **കോവിഡിന് ശേഷം മൂലധനച്ചെലവിൽ കേന്ദ്ര സർക്കാർ പ്രത്യേക ശ്രദ്ധനൽകുന്നതായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ; ധനകാര്യ ബില്ലും, ധനവിനിയോഗ ബില്ലും, കേന്ദ്രമന്ത്രി രാജ്യസഭ യിൽ അവതരിപ്പിച്ചു.**

**Union Finance Minister Nirmala Sitharaman says the central government is paying special attention to capital expenditure after Covid; The Union Minister presented the Finance Bill and the Appropriation Bill in the Rajya Sabha.**

## WAYANAD - PM

വയനാട് ഉരുൾപ്പൊട്ടൽ ബാധിത മേഖലകൾ പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ സന്ദർശിക്കും. രാവിലെ 11.20 ന് കണ്ണൂർ വിമാന ത്താവളത്തിലെത്തുന്ന പ്രധാനമന്ത്രി ഉച്ചയോടെ ഹെലികോപ്റ്ററിൽ കൽപ്പറ്റയിലെത്തും. തുടർന്ന് പ്രദേശത്ത് വ്യോമനിരീക്ഷണവും നടത്തും. വൈകിട്ടോടെ അദ്ദേഹം ഡൽഹിക്കു മടങ്ങും. പ്രധാനമന്ത്രിയുടെ സന്ദർശനത്തിൽ അനുകൂല നടപടി പ്രതീക്ഷിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

## WAYANAD - CM

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ സമഗ്ര പുനരധിവാസ പാക്കേജാണ് കേരളം കേന്ദ്രത്തോട് ആവശ്യപ്പെടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് പ്രധാനമന്ത്രി നരേന്ദ്രമോദിയിൽ നിന്നും അനുകൂല നിലപാട് പ്രതീക്ഷിക്കുന്നതായും മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. മറ്റന്നാളാണ് ദുരന്തബാധിത മേഖലകൾ സന്ദർശിക്കുന്നതിനായി പ്രധാനമന്ത്രി വയനാട്ടിലെത്തുന്നത്. പുനരധിവാസത്തിനും ടൗൺഷിപ്പ് അടക്കമുള്ള പ്രവർത്തനങ്ങൾക്കും കേന്ദ്രസർക്കാരിൽ നിന്നുള്ള സഹായം പ്രതീക്ഷിക്കുന്നുണ്ട്. വയനാട് ദുരന്തം ദേശീയ ദുരന്തമായും അതിതീവ്ര ദുരന്തമായും പ്രഖ്യാപിക്കണം എന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്ര

ആഭ്യന്തരമന്ത്രാലയം ഒമ്പതംഗ സമിതിയെ നിയമിച്ചതായും മുഖ്യമന്ത്രി വ്യക്തമാക്കി. മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിൽ നാളെ ജനകീയ തെരച്ചിൽ നടത്തുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. വയനാട്ടിൽ 14 ക്യാമ്പുകളിലായി നിലവിൽ 1,942 പേരാണ് കഴിയുന്നത്.

## WAYANAD - DISASTER

വയനാട് ഉരുൾപൊട്ടലിനെ തുടർന്ന് ക്യാമ്പുകളിൽ കഴിയുന്നവരുടെ താത്ക്കാലിക പുനരധിവാസത്തിനായി പൊതുമരാമത്ത് വകുപ്പ് 91 സർക്കാർ ക്വാർട്ടേഴ്സുകൾ സജ്ജമാക്കുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. അടിയന്തര പുനരധിവാസത്തിന് ലഭ്യമായ എല്ലാ സംവിധാനങ്ങളും ഉപയോഗപ്പെടുത്തുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

അതേസമയം, ദുരന്തബാധിതർക്ക് മാനസിക പിന്തുണ നൽകുന്നതിനായി പ്രത്യേക കൗൺസലിങ് സെൽ രൂപീകരിക്കുമെന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു. സാമൂഹിക നീതി വകുപ്പിൻറെയും കുടുംബശ്രീ ജില്ലാ മിഷൻറെയും നേതൃത്വത്തിലാണ് പ്രത്യേക സെല്ലിൻറെ പ്രവർത്തനം. ഇതിന് പുറമെ നേരിട്ടോ അല്ലാതെയോ ദുരന്തത്തിന് ഇരകളായ വിദ്യാർത്ഥികൾക്ക് 'എക്സാം ഓൺ ഡിമാൻഡ്' സംവിധാനം നടപ്പിലാക്കാൻ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ദുരന്തബാധിത മേഖലയിലെ വയോജനങ്ങൾക്ക് വയോരക്ഷാ പദ്ധതി, ഭിന്നശേഷിക്കാർക്ക് പരിരക്ഷ പദ്ധതി എന്നിവയിലൂടെ സുരക്ഷ ഉറപ്പുവരുത്തുമെന്നും മന്ത്രി പറഞ്ഞു.

## REV EVE PARIS OLYMPICS

പാരിസ് ഒളിംപിക്സ് ഹോക്കിയിൽ ഇന്ത്യയ്ക്ക് വെങ്കലത്തിളക്കം. ആവേശകരമായ പോരാട്ടത്തിൽ സ്പെയിനിനെ 2 - 1 നാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. ടീമിലെ ഗോൾകീപ്പർ മലയാളി താരം പി ആർ ശ്രീജേഷിൻറെ വിരമിക്കൽ മത്സരം കൂടിയായിരുന്നു ഇന്നത്തേത്. ടോക്കിയോ ഒളിമ്പിക്സിലും ഇന്ത്യൻ ടീം മെഡൽ നേടിയിരുന്നു. ജാവലിൻ ത്രോ ഫൈനലിൽ സ്വർണ്ണപ്രതീക്ഷയുമായി ഇന്ത്യയുടെ നീരജ് ചോപ്ര ഇന്ന് മത്സരിക്കും. ഇന്ത്യൻ സമയം രാത്രി 11. 55 നാണ് മത്സരം. 57

കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തി വിഭാഗത്തിൽ ഇന്ത്യൻതാരം അമൻ സെഹ്‌രാവത് സെമിയിൽ കടന്നു. അൽബേനിയയുടെ സെലിംഖാൻ അബാകറോവിനെ 12-0ന് തോൽപ്പിച്ചാണ് അമൻറെ സെമി പ്രവേശനം. വിജയത്തോടെ അമൻ മത്സരത്തിൻ്റെ അവസാന നാലിൽ ഇടം നേടി. ഗുസ്തിയിൽ ഇന്നലെ വിനേഷ് ഫോഗട്ടിൻ്റെ അയോഗ്യതാ പ്രഖ്യാപനത്തിന് ശേഷം ഇന്ത്യയുടെ മെഡൽ പ്രതീക്ഷയാണ് അമൻ.

## EVE. LS - WAQF BILL (INTRO)

വഖഫ് (ഭേദഗതി) ബിൽ-2024 സൂക്ഷ്മപരിശോധനയ്ക്കായി സംയുക്ത പാർലമെൻ്ററി സമതിക്ക് വിട്ടു. നിയമനിർമ്മാണത്തിൽ കൂടുതൽ പരിശോധനയ്ക്ക് സർക്കാർ തയ്യാറാണെന്ന് ബിൽ ഇന്ന് ലോക്സഭയിൽ അവതരിപ്പിച്ച കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു വ്യക്തമാക്കി.

വിശദാംശങ്ങളിലേക്ക്......

(വോയ്സ്)

കേന്ദ്രസർക്കാരിൻ്റെ ഉദ്ദേശ്യം വ്യക്തമാണെന്നും നിയമ നിർമ്മാണത്തിൽ ഒന്നും മറച്ചുവെക്കേണ്ട കാര്യമില്ലെന്നും കേന്ദ്ര മന്ത്രി കിരൺ റിജിജു പറഞ്ഞു. ഈ ബിൽ മതസംഘടനകളുടെ പ്രവർത്തനത്തിൽ ഇടപെടാൻ ഉദ്ദേശിച്ചുള്ളതല്ലെന്നും മുസ്ലീം സമുദായത്തിലുള്ളവർക്ക് നീതി ലഭ്യമാക്കുന്നതിനാണ് ഇതെന്നും കേന്ദ്ര മന്ത്രി വ്യക്തമാക്കി. ഇത്തരമൊരു നിയമം കൊണ്ടുവരാൻ കേന്ദ്രസർക്കാരിന് അധികാരമില്ലെന്ന പ്രതിപക്ഷത്തിൻ്റെ വാദത്തെ ചോദ്യം ചെയ്ത അദ്ദേഹം, വിഷയം ഭരണഘടനയുടെ കൺകറൻ്റ് ലിസ്റ്റിൽ വരുന്നതാണെന്നും നിയമനിർമ്മാണം നടത്താൻ കേന്ദ്രത്തിന് യോഗ്യതയുണ്ടെന്നും പറഞ്ഞു. അതേസമയം, ബന്ധപ്പെട്ടവരുമായി വേണ്ടത്ര കൂടിയാലോചന നടത്താതെയാണ് ബിൽ കൊണ്ടുവന്നതെന്ന പ്രതിപക്ഷ ആരോപണം കേന്ദ്രമന്ത്രി തള്ളി. എന്നാൽ, ബിൽ രാജ്യത്തിൻ്റെ ഫെഡറൽ ഘടനയെ തകർക്കുന്നതാണെന്ന് കോൺഗ്രസ് എംപി കെസി വേണുഗോപാൽ ആരോപിച്ചു. വഖഫ് ബോർഡിൽ മറ്റ് മതവിഭാഗങ്ങളിൽപ്പെട്ടവരെ നാമനിർദേശം ചെയ്യുന്നതിനെ സമാജ്‌വാദി പാർട്ടി എംപി അഖിലേഷ് യാദവ് ചോദ്യം ചെയ്തു. ടിഎംസി, ഡിഎംകെ എൻസിപി ശരദ് പവാർ പക്ഷം

ഉൾപ്പെടെയുള്ള കക്ഷി നേതാക്കൾ ബില്ല് കൂടുതൽ പരിശോധനക്കായി സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ, ബിൽ ഒരു പ്രത്യേക സമുദായത്തിന് എതിരാണെന്ന ആരോപണത്തെ ജെഡിയു നേതാവും കേന്ദ്രമന്ത്രിയുമായ രാജീവ് രഞ്ജൻ സിംഗ് തള്ളി. വഖഫ് ബോർഡുകളുടെ ഭരണത്തിൻ്റെയും സ്വത്തുക്കളുടെ പരിപാലനത്തിൻ്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും ലക്ഷ്യമിട്ടുള്ളതാണ് വഖഫ് (ഭേദഗതി) ബിൽ, 2024. ഭരണസമിതിയിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം നൽകാനും ബില്ലിൽ വ്യവസ്ഥയുണ്ട്.

ന്യൂസ് ഡെസ്ക് ആകാശവാണി

## NEW RS FINANCE BILL

കോവിഡിന് ശേഷം മൂലധനച്ചെലവിൽ കേന്ദ്ര സർക്കാർ പ്രത്യേക ശ്രദ്ധനൽകുന്നതായും തുടർച്ചയായി ഉയർന്ന തുക ചെലവഴിക്കുന്നതായും കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. 2023-24ലെ യഥാർഥ മൂലധനച്ചെലവ് 15.02 ലക്ഷം കോടി രൂപയോ 18 ശതമാനമോ ആയി കണക്കാക്കാമെന്നും ശ്രീമതി സീതാരാമൻ രാജ്യസഭയിൽ അറിയിച്ചു. ധനകാര്യ ബിൽ, ധനവിനിയോഗ ബിൽ, ജമ്മു കശ്മീർ ധനവിനിയോഗ ബിൽ എന്നിവയുടെ ചർച്ചയ്ക്ക് സഭയിൽ മറുപടി പറയുകയായിരുന്നു ധനമന്ത്രി. ബില്ലിന്മേലുള്ള ചർച്ച രാജ്യസഭയിൽ പുരോഗമിക്കുന്നു. ഇരു ബില്ലുകളും ഇന്നലെ ലോക്സഭ പാസാക്കിയിരുന്നു.

## LS-MSME

പിഎം വിശ്വകർമ പദ്ധതി, ഉദയം പോർട്ടൽ, എംഎസ്എംഇ മേഖലയ്ക്ക് കീഴിലുള്ള മറ്റ് സംരംഭങ്ങൾ എന്നിവയിലൂടെ രാജ്യത്ത് 20 കോടി തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായി കേന്ദ്ര മന്ത്രി ജിതൻ റാം മാഞ്ചി ലോക് സഭയിൽ പറഞ്ഞു. ഉദയം പോർട്ടലിൽ മാത്രം 4.8 കോടി ആളുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ലോക്സഭയിലെ ചോദ്യോത്തര വേളയിൽ അദ്ദേഹം അറിയിച്ചു. ക്രെഡിറ്റ് ഗ്യാരണ്ടി പദ്ധതി, ആത്മനിർഭർ പദ്ധതി,

തുടങ്ങിയവക്ക് കീഴിൽ രാജ്യത്ത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ മന്ത്രാലയം ശ്രമിക്കുന്നുണ്ടെന്നും കേന്ദ്ര മന്ത്രി പറഞ്ഞു. സ്ത്രീകൾക്കും യുവാക്കൾക്കും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് മന്ത്രാലയം പ്രത്യേക ഊന്നൽ നൽകുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## RS- OPPOSITION

പാരിസ് ഒളിമ്പിക്സിൽ വിനേഷ് ഫോഗട്ട് അയോഗ്യയാക്കപ്പെട്ട വിഷയം ഉന്നയിച്ച് പ്രതിപക്ഷ പാർട്ടികൾ രാജ്യസഭയിൽ നിന്നും ഇറങ്ങിപോയി. രാവിലെ സഭ സമ്മേളിച്ചപ്പോൾ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗെ വിഷയം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടെങ്കിലും രാജ്യസഭാ അധ്യക്ഷൻ അനുമതി നൽകിയില്ല. തുടർന്ന് കോൺഗ്രസ്, തൃണമൂൽ, ഡിഎംകെ, ആർജെഡി ഉൾപ്പെടെയുള്ള പ്രതിപക്ഷാംഗങ്ങൾ സഭയിൽ നിന്നും ഇറങ്ങിപോവുകയായിരുന്നു. പ്രതിപക്ഷ അംഗങ്ങളുടെ പെരുമാറ്റത്തെ രാജ്യസഭാ അധ്യക്ഷൻ ജഗ്ദീപ് ധൻകർ വിമർശിച്ചു. വിനേഷ് ഫോഗട്ടിനെ അയോഗ്യയാക്കിയതിൽ രാജ്യം മുഴുവൻ വേദനിക്കുകയാണെന്നും അതിനെ രാഷ്ട്രീയവത്കരിക്കുന്നത് താരത്തോടുള്ള അനാദരവാണെന്നും ശ്രീ ധൻഖർ പറഞ്ഞു.

## RS INDIAN PRISONERS

വിദേശ ജയിലുകളിൽ കഴിയുന്നവരുൾപ്പെടെ വിദേശ രാജ്യങ്ങളിലെ എല്ലാ ഇന്ത്യക്കാരുടെയും സുരക്ഷ, ക്ഷേമം എന്നിവയ്ക്ക് ഉയർന്ന മുൻഗണനയാണ് രാജ്യം നൽകുന്നതെന്ന് കേന്ദ്ര സർക്കാർ. വിചാരണ തടവുകാരടക്കം 9,728 ഇന്ത്യൻ തടവുകാർ നിലവിൽ വിദേശ ജയിലുകളിലുണ്ടെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് രാജ്യസഭയെ രേഖാമൂലം അറിയിച്ചു. ഏറ്റവും കൂടുതൽ ഇന്ത്യക്കാർ സൗദി അറേബ്യയിലെ ജയിലുകളിലും യു എ ഇയി ലെ ജയിലുകളിലുമാണുള്ളത്.

## PREZ.-ATTENDS STATE BANQUET

ത്രിരാഷ്ട്ര പര്യടനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂസിലൻഡ് ഗവർണർ ജനറൽ ഡെയിം സിണ്ടി കിറോ സംഘടിപ്പിച്ച ഔദ്യോഗിക

വിരുന്നിൽ പങ്കെടുത്തു. ന്യൂസിലൻഡ് പ്രധാനമന്ത്രിയുമായും രാഷ്ട്രപതി ഉഭയകക്ഷി ചർച്ച നടത്തി. ഓക്ക്-ലൻഡിലെ ഇന്ത്യൻ സമൂഹവുമായും രാഷ്ട്രപതി സംവദിക്കും. നേരത്തെ അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തെ ശ്രീമതി മുർമു അഭിസംബോധന ചെയ്തിരുന്നു. രാഷ്ട്ര നിർമാണത്തിനും, സാമൂഹിക പരിവർത്തനത്തിനുമുള്ള മാധ്യമമാണ് വിദ്യാഭ്യാസമെന്ന് രാഷ്ട്രപതി ചടങ്ങിൽ പറഞ്ഞു. വെല്ലിങ്ടൺ റെയിൽവേ സ്റ്റേഷനിലെ മഹാത്മാഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തിയ ശ്രീമതി മുർമു യുദ്ധസ്മാരകത്തിലും ആദരമർപ്പിച്ചു. ഫിജി സന്ദർശനത്തിന് ശേഷമാണ് ശ്രീമതി മുർമു ന്യൂസിലൻഡിലെത്തിയത്. മറ്റന്നാൾ തിമോർ - ലെസ്റ്റെയും രാഷ്ട്രപതി സന്ദർശിക്കും.

## HAR GHAR TIRANGA

പൗരന്മാരിൽ ദേശസ്നേഹം വളർത്തുന്നതിനായി നാളെ മുതൽ സ്വാതന്ത്ര്യ ദിനമായ 15 വരെ രാജ്യത്തുടനീളം ഹർഘർ തിരംഗ കാമ്പയിൻ നടത്തും. ദേശീയപതാക വീടുകളിൽ ഉയർത്തി തിരംഗയ്ക്കൊപ്പം സെൽഫി എടുത്ത് ഹർ ഘർ തിരംഗ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യണമെന്ന് ന്യൂഡൽഹിയിൽ നടത്തിയ വാർത്താസമ്മേളനത്തിൽ കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്, ജനങ്ങളോട് അഭ്യർത്ഥിച്ചു. 2022-ലാണ് ഹർ ഘർ തിരംഗ കാമ്പയിൻ ആരംഭിച്ചത്. രാജ്യത്തുടനീളം ഇരുനൂറിലധികം സാംസ്കാരിക പരിപാടികൾ നടത്തുമെന്നും ആഗസ്റ്റ് 13-ന് തിരംഗ ബൈക്ക് റാലി സംഘടിപ്പിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

## RBI

രാജ്യത്തെ അടിസ്ഥാന ബാങ്കിങ് നിരക്കുകളിൽ തുടർച്ചയായ ഒൻപതാം തവണയും മാറ്റം വരുത്താതെ റിസർവ് ബാങ്ക്. റിപ്പോ നിരക്ക് 6.5 ശതമാനത്തിൽ നിലനിർത്താൻ ആർബിഐയുടെ ദ്വൈമാസ ധനനയ അവലോകന സമിതിയോഗം തീരുമാനിച്ചു. സ്റ്റാൻഡിങ് ഡെപോസിറ്റ് ഫെസിലിറ്റി 6.25 ശതമാനമായും, മാർജിനൽ സ്റ്റാൻഡിങ് ഫെസിലിറ്റിയും ബാങ്ക് നിരക്കും 6.75 ശതമാനവുമായും തുടരും. രാജ്യത്തെ ആഭ്യന്തര സാമ്പത്തിക പ്രവർത്തനങ്ങളിൽ നിലവിലെ വേഗത തുടരുമെന്നും,

വർദ്ധിച്ച നിക്ഷേപ ആവശ്യവും, ഉപഭോഗവും ഇതിന് ശക്തി പകരുമെന്നും ആർ.ബി.ഐ ഗവർണർ ശക്തികാന്തദാസ് അറിയിച്ചു. 2024-25 ലെ രാജ്യത്തിൻറെ ജി.ഡി.പി വളർച്ച 7.2 ശതമാനമായിരിക്കുമെന്നും ആർ.ബി.ഐ വിലയിരുത്തി.

## BUDDHADEB BHATTACHARYA-PRESIDENT, PM

പശ്ചിമ ബംഗാൾ മുൻ മുഖ്യമന്ത്രിയും ¬മുതിർന്ന സിപിഐഎം നേതാവുമായ ബുദ്ധദേബ് ഭട്ടാചാര്യയുടെ നിര്യാണത്തിൽ അനുശോചനം അറിയിച്ച് രാഷ്ട്രപതിയും പ്രധാനമന്ത്രിയും. തത്വാധിഷ്ഠിത രാഷ്ട്രീയത്തിൻ്റെ പ്രതിരൂപമായിരുന്നു ബുദ്ധദേബ് ഭട്ടാചാര്യയെന്നും പശ്ചിമ ബംഗാളിലെ ജനക്ഷേമ പ്രവർത്തനങ്ങളിലൂടെ അദ്ദേഹം എന്നും ഓർമ്മിക്കപ്പെടുമെന്നും രാഷ്ട്രപതി ദ്രൗപദി മുർമു എക്സ് പോസ്റ്റിൽ കുറിച്ചു. പ്രതിബദ്ധതയോടെ സംസ്ഥാനത്തെ സേവിച്ച രാഷ്ട്രീയ അതികായനായിരുന്നു ബുദ്ധദേബ് ഭട്ടാചാര്യ എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി  പറഞ്ഞു.